ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, കാർത്തികപ്പള്ളി പഞ്ചായത്തിലെ പുളിക്കീഴ് പമ്പ് ഹൗസിലെ ട്യൂബ് വെൽ സമീപത്തുള്ള ഒരു പാലത്തിന്റെ പൈലിംഗ് പണി നടക്കുന്നതിനിടയിൽ കേടായതിനെത്തുടർന്ന് പുതിയ കുഴൽ കിണറും പമ്പുസെറ്റും സ്ഥാപിച്ച് കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരികയാണ്. രണ്ടാമത് സൂചിപ്പിച്ച എൻ.സി.പി.സി. പദ്ധതിയിൽ ഉൾപ്പെടുത്തി തൃക്കുന്നപ്പുഴ പഞ്ചായത്തിലെ എസ്എൻ. നഗറിൽ സ്ഥാപിച്ചിട്ടുള്ള കുഴൽക്കിണർ പമ്പ്ഹൗസ് പണിത് കമ്മീഷൻ ചെയ്യുന്നതിലേക്കായി കളക്ടർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചു. പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെടുകയും മേൽപ്പടി കുഴൽക്കിണർ പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി താൽക്കാലിക പമ്പ്ഹൗസ് പണിയുന്നതിനുള്ള സാദ്ധ്യതകൾ ആരായുകയും ചെയ്തിട്ടുണ്ട്. തൃക്കുന്നപ്പുഴ പഞ്ചായത്തിൽ കിഴക്കേക്കരയിലെ എല്ലാ വാർഡുകളിലും തൃക്കുന്നപ്പുഴ ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന ഒ.എച്ച്. ടാങ്കിൽനിന്ന് ഇപ്പോൾ ഭാഗികമായി ജലം ലഭിക്കുന്നുണ്ട്. ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പൂർണ്ണമായി പരിഹരിക്കുന്നതിന് എസ്.എൻ. നഗറിൽ കുഴിച്ചിരിക്കുന്ന കുഴൽക്കിണർ പ്രവർത്തനക്ഷമമാക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ബി. ബാബു പ്രസാദിന്റെ പ്രാദേശിക വികസന ഫണ്ടിൽനിന്ന് അനുവദിച്ച 78,500 രൂപയുടെ എസ്റ്റിമേറ്റിന് 3-12-2010-ൽ ജില്ലാ കളക്ടർ ഭരണാനുമതി നൽകി. 14-12-2010-നാണ് കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചത്. അടിയന്തരമായിത്തന്നെ അതുപ്രകാരമുള്ള വർക്ക് ടെണ്ടറാർ ചെയ്ത് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(15) ഫൈൻ ആർട്സ് കോളേജുകളിൽ ലക്ചറർമാരെ നിയമിക്കാൻ നടപടി

ശ്രീ. കെ. കെ. ദിവാകരൻ: സർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മാവേലിക്കര, തൃശ്ശൂർ ഫൈൻ ആർട്സ് കോളേജുകളിൽ ബാച്ചലർ ഓഫ് ഫൈൻ ആർട്സ്, അപ്ലൈഡ് ആർട്സ് എന്നീ ഡിപ്പാർട്ടുമെന്റുകളുണ്ട്. 2000-ലാണ് തൃശ്ശൂരും മാവേലിക്കരയും ആർട്സ് കോളേജുകളാക്കി ഉയർത്തിയത്. തിരുവനന്തപുരം ഫൈൻആർട്സിൽ അപ്ലൈഡ് ആർട്സ് ഡിപ്പാർട്ടുമെന്റിൽ ഒന്നാംഗ്രേഡ് പ്രൊഫസർ, രണ്ടാംഗ്രേഡ് പ്രൊഫസർ, നാല് ലക്ചറർമാർ ഉൾപ്പെടെ 6 അദ്ധ്യാപകന്മാരുണ്ട്. എന്നാൽ തൃശ്ശൂർ, മാവേലിക്കര എന്നീ രണ്ട് കോളേജുകളിൽ ഓരോ ലക്ചറർമാർ മാത്രമാണുള്ളത്. 24-1-2003-ൽ എൽ1/29870/2002 നമ്പർ കത്തുമുഖേന തൃശ്ശൂർ മാവേലിക്കര കോളേജുകളിൽ അവശ്യംവേണ്ട തസ്തികകൾ സൃഷ്ടിക്കുവാനും ഒരു സ്റ്റാന്റേർഡ് സ്റ്റാഫ് പാറ്റേൺ ഉണ്ടാക്കുന്നതിനും വേണ്ടി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിനും ഗവൺമെന്റിനും നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ഇപ്പോൾ പി.എസ്.സി. വിജ്ഞാപനം വന്നിട്ടുണ്ട്. അപ്ലൈഡ് ആർട്സ് ലക്ചറർ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പക്ഷേ ഞാൻ സൂചിപ്പിച്ചതുപോലെ മാവേലിക്കരയിലും തൃശ്ശൂരും ഓരോ ലക്ചറർ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. അതുകൊണ്ട് പുതിയ റാങ്ക്ലിസ്റ്റുകളിൽനിന്ന് പുതിയ ലക്ചറർമാരെ നിയമിച്ച് ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, തൃശ്ശൂർ, മാവേലിക്കര ഫൈൻ ആർട്സ് കോളേജുകളിൽ ഒഴിവുള്ള പ്രൊഫസർ, ലക്ച്ചറർ ഉൾപ്പെടെയുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 30-11-2010-ൽ സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പരിശോധിച്ച് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(16) ഒറ്റപ്പാലം താലൂക്കിലെ റേഷൻകാർഡ് വിതരണം

ശ്രീ. ടി. പി. കുഞ്ഞുണ്ണി : സർ, ഒറ്റപ്പാലം താലൂക്കിലെ റേഷൻകാർഡ് വിതരണം ഇതുവരെ പൂർത്തിയായിട്ടില്ല. രണ്ടുമൂന്ന് വർഷം മുമ്പ് റേഷൻകാർഡ് പുതുക്കുന്നതിനുവേണ്ടി അപേക്ഷ കൊടുത്ത പലർക്കും ഇപ്പോഴും റേഷൻകാർഡ് കിട്ടാത്ത സ്ഥിതിയുണ്ട്. റേഷൻകാർഡ് പുതുക്കുന്നതിനു വേണ്ടി കൊടുത്ത അപേക്ഷകൾ ഭാരതപ്പുഴയിൽ ഒഴുകിപ്പോയിയെന്ന് പരാതി ഉണ്ടായ താലൂക്ക് സപ്ലൈ ഓഫീസാണ് ഒറ്റപ്പാലം. അവിടെ പുതിയ കാർഡിന് അപേക്ഷ കൊടുത്തവരുടേയും കാർഡിൽ പേര് ചേർക്കുന്നതിന് കൊടുത്ത അപേക്ഷകളും ഇപ്പോഴും നൂറുകണക്കിന് പെന്റിംഗിൽ ഇരിക്കുകയാണ്. അന്വേഷിച്ചപ്പോൾ ഡിസംബർ മാസം 30-ാം തീയതി, അതായത്, നാളെ കാർഡ് കൊടുക്കുന്ന നടപടി പൂർത്തീകരിക്കുമെന്നാണ് പറയുന്നത്. ഞാൻ ഇന്നലെയും സപ്ലൈ ഓഫീസുമായി ബന്ധപ്പെട്ടിരുന്നു. നാളത്തോടുകൂടി അത് പൂർത്തീകരിക്കാൻ ഒരു നടപടിയും ഒറ്റപ്പാലം താലൂക്കിനെ സംബന്ധിച്ച് ഉണ്ടാവുകയില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് 32 ഗ്രാമപഞ്ചായത്തുകളുള്ള ഒറ്റപ്പാലം താലൂക്കിൽ ഒരു പ്രത്യേക അദാലത്ത് സംഘടിപ്പിച്ച് സമയബന്ധിതമായി രണ്ടോ മൂന്നോ ആഴ്ചയ്ക്കുള്ളിൽ മുഴുവൻ അപേക്ഷകർക്കും റേഷൻകാർഡ് കൊടുക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ഒറ്റപ്പാലം താലൂക്കിലെ റേഷൻ കാർഡുകൾ പുതുക്കി നൽകുന്നില്ലെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതനുസരിച്ച് അവശേഷിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുത്ത് സമയബന്ധിതമായി വിതരണം ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സർക്കാരിന്റെ പ്രത്യേക പരിഗണന ഇക്കാര്യത്തിൽ ഒറ്റപ്പാലം താലൂക്കിന് ഉണ്ടാകുമെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്.

(17) സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപകരുടെ തസ്തിക പുനർനിർണ്ണയിക്കാൻ നടപടി

ശ്രീ. എം. മുരളി : സർ, നമ്മുടെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളിൽ 84% കോളേജുകളും സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. 1997-ൽ പ്രീഡിഗ്രി വേർപ്പെടുത്തുന്നതുവരെ ഗവൺമെന്റ് കോളേജുകളിലേയും സ്വകാര്യ കോളേജുകളിലേയും അനദ്ധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ തുല്യമായിരുന്നു. 1997-ൽ പ്രീഡിഗ്രി ഡീലിങ്ക് ചെയ്തതോടെ ആ പാരിറ്റി നഷ്ടപ്പെട്ടിരിക്കുകയാണ്. സ്കാവഞ്ചർ/വാച്ച്മാൻ

LIBRARY ARCHIVES Kerala Legislative Assembly